**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 764** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ ഡിവിഷനിലെ പൂക്കോട്ടുംപാടം സെക്ഷന് കീഴിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുണ്ടോ; എങ്കിൽ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് മാറ്റി സ്ഥാപിക്കേണ്ടതെന്ന് അറിയിക്കാമോ; | (എ) | മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ ഡിവിഷനിലെ പൂക്കോട്ടുംപാടം സെക്ഷന് കീഴിൽ ആനന്ദ് നഗർ മുതൽ പൂക്കോട്ടുപാടം വരെ 14 ലോ ടെൻഷൻ പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കാനുള്ളത്. |
| (ബി) | മേൽ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പണം അടച്ചിട്ടുണ്ടോ; പണം അടച്ചിട്ടും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മേൽ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തുക ഒടുക്കിയിട്ടുണ്ട്. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുവദിക്കപ്പെട്ട സ്ഥലത്ത് കെട്ടിട ഭാഗങ്ങൾ നീക്കം ചെയ്യാത്തതിനാൽ വൈദ്യുതി ലൈനും കെട്ടിടവും തമ്മിലുള്ള നിയമാനുസൃത അകലം പാലിക്കുവാൻ സാധിക്കാത്തതിനാൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. Bare കണ്ടക്ടറിനു പകരം ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുകയാണെങ്കിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.<br><br>ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കെ.ആർ.എഫ്.ബി. അധികൃതർ വാക്കാൽ ആവശ്യപ്പെട്ടതനുസരിച്ച്, കെ.ആർ.എഫ്.ബി. അധികൃതരുമായുള്ള സംയുക്ത പരിശോധനയ്ക്ക് ശേഷം 5,02,385/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ.തയ്യാറാക്കിയിട്ടുണ്ട്. 05.12.2022-നകം എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-ക്കു സമർപ്പിക്കുന്നതാണ്. |
| (സി) | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റാത്തതു കാരണം മലയോര ഹൈവേയുടെ പ്രവൃത്തി തടസ്സപ്പെടുന്നതിനാൽ അടിയന്തരമായി | (സി) | മേൽ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തുക ഒടുക്കിയിട്ടുണ്ട്. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുവദിക്കപ്പെട്ട സ്ഥലത്ത് കെട്ടിട ഭാഗങ്ങൾ നീക്കം |

| | | | |
|---|---|---|---|
| | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | ചെയ്യാത്തതിനാൽ വൈദ്യുതി ലൈനും കെട്ടിടവും തമ്മിലുള്ള നിയമാനുസൃത അകലം പാലിക്കുവാൻ സാധിക്കാത്തതിനാൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. Bare കണ്ടക്റ്ററിനു പകരം ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുകയാണെങ്കിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.<br><br>ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കെ.ആർ.എഫ്.ബി. അധികൃതർ വാക്കാൽ ആവശ്യപ്പെട്ടതനുസരിച്ച്, കെ.ആർ.എഫ്.ബി. അധികൃതരുമായുള്ള സംയുക്ത പരിശോധനയ്ക്കു ശേഷം 5,02,385/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ.തയ്യാറാക്കിയിട്ടുണ്ട്. 05.12.2022-നകം എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-ക്കു സമർപ്പിക്കുന്നതാണ്. |
| (ഡി) | മലയോര ഹൈവേക്കായി നിലവിലുണ്ടായിരുന്ന റോഡ് വീതി കൂട്ടിയത് കാരണം ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ മേൽ പ്രദേശങ്ങളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ; എ.ബി. കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | മേൽ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തുക ഒടുക്കിയിട്ടുണ്ട്. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുവദിക്കപ്പെട്ട സ്ഥലത്ത് കെട്ടിട ഭാഗങ്ങൾ നീക്കം ചെയ്യാത്തതിനാൽ വൈദ്യുതി ലൈനും കെട്ടിടവും തമ്മിലുള്ള നിയമാനുസൃത അകലം പാലിക്കുവാൻ സാധിക്കാത്തതിനാൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. Bare കണ്ടക്റ്ററിനു പകരം ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുകയാണെങ്കിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.<br><br>ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കെ.ആർ.എഫ്.ബി. അധികൃതർ വാക്കാൽ ആവശ്യപ്പെട്ടതനുസരിച്ച്, കെ.ആർ.എഫ്.ബി. അധികൃതരുമായുള്ള സംയുക്ത പരിശോധനയ്ക്കു ശേഷം 5,02,385/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ.തയ്യാറാക്കിയിട്ടുണ്ട്. 05.12.2022-നകം എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-ക്കു സമർപ്പിക്കുന്നതാണ്. |
| (ഇ) | മേൽ പ്രദേശങ്ങളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ അപ്രായോഗികമെങ്കിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ വഴി വൈദ്യുതി നൽകാനാകുമോ; എങ്കിൽ ഇതിന് വേണ്ടിവരുന്ന കൂടുതൽ തുക പൊതുമരാമത്ത് വകുപ്പ് നൽകാൻ | (ഇ) | ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ചു തന്നെ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | സന്നദ്ധമെന്ന് അറിയിച്ചതിനാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ